"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസർവ്വീസ് രൂപീകരണം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കീഴിൽ ഒരു ഐ.റ്റി. സെൽ രൂപീകരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2161/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/11/2020

---

പരാമർശം:- 1 സ.ഉ (കൈ) 18/2017/ഐ.റ്റി.ഡി., തീയതി, 23.07.2017.

2 സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ, 17.07.2020.

3 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2020-ലെ ബി/160/2020/പി.ഡി.-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കീഴിൽ ഒരു ഐ.റ്റി. സെൽ രൂപീകരിക്കുന്നതിനും ഇതിന്റെ പ്രവർത്തനത്തിനായി കമ്പ്യൂട്ടർ, ഐ.റ്റി. രംഗത്ത് യോഗ്യതയും പ്രാവീണ്യവുമുള്ള തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച് മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിനും അതോടൊപ്പം ഇൻഫർമേഷൻ കേരള മിഷന്റെ പിന്തുണയോടു കൂടി ഒരു സോഫ്റ്റ്‌വെയർ ഇൻഹൗസായി നിർമിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3 ) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിലെ കമ്പ്യൂട്ടർ, ഐ.റ്റി. രംഗത്ത് യോഗ്യതയും പ്രാവീണ്യവുമുള്ള ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കീഴിൽ ഒരു ഐ.റ്റി. സെൽ രൂപീകരിക്കുന്നതിനും വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ച് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ മാതൃകയിൽ IKM-ന്റെ പിന്തുണയോടെ, പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം,സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകില്ല എന്ന നിബന്ധനക്ക് വിധേയമായി ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**നവീൻ കൃഷ്ണൻ ജി ഐ**
**അണ്ടർ സെക്രട്ടറി**

**File No.LSGD-ERA2/382/2018-LSGD-Part(14)**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ